## പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാചോദ്യം നം.6000 02-04-2018-ലെ മറുപടിക്ക്

**ചോദ്യം**

ശ്രീ.കെ. മുരളീധരൻ

**ഉത്തരം**

ഡോ.ടി.എം. തോമസ് ഐസക്ക്
ധനകാര്യവും കയറും വകുപ്പ് മന്ത്രി

**ഓവർഡ്രാഫ്റ്റിനത്തിൽ എടുത്ത തുക**

| | | |
|---|---|---|
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഓവർഡ്രാഫ്റ്റിനത്തിൽ എത്ര തുക കടമെടുത്തു എന്ന് അറിയിക്കാമോ ; | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഓവർഡ്രാഫ്റ്റ് എടുത്തിട്ടില്ല. |
| (ബി) | മുൻസർക്കാരിന്റെ കാലത്ത് 2011-16 കാലയളവിൽ ഓവർഡ്രാഫ്റ്റിനത്തിൽ കടമെടുത്തിരുന്നോ; വിശദാംശം നൽകുമോ ; | മുൻ സർക്കാരിന്റെ കാലഘട്ടത്തിൽ 2014-15 സാമ്പത്തിക വർഷം 7 ദിവസങ്ങളിലായി 724.78 കോടി രൂപ സംസ്ഥാനം ഓവർഡ്രാഫ്റ്റ് ഇനത്തിൽ എടുത്തിട്ടുണ്ട്. |
| (സി) | റവന്യു ഇനത്തിൽ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര തുക പിരിച്ചെടുത്തു എന്ന് അറിയിക്കാമോ ; | 2016-17 സാമ്പത്തിക വർഷത്തിൽ സംസ്ഥാനത്തിന്റെ റവന്യൂ വരുമാനം 75611.72 കോടി രൂപയായിരുന്നു. 2017-18 ൽ ജനുവരി 31 വരെയുള്ള അക്കൗണ്ടന്റ് ജനറലിന്റെ താത്കാലിക കണക്ക പ്രകാരം ഇത് 61,331.91 കോടി രൂപയാണ്. |
| (ഡി) | നികുതി/നികുതിയേതര ഇനത്തിൽ എത്ര കോടി രൂപ നിലവിൽ പിരിച്ചെടു ക്കുവാനുണ്ടെന്ന് അറിയിക്കാമോ ? | സംസ്ഥാനത്തിന്റെ തനത് നികുതി, നികുതി ഇതര വരുമാനത്തിൽ 2017-18 ലെ ബജറ്റിൽ പ്രതീക്ഷിച്ചത് യഥാക്രമം 53411.49 കോടി, 12037.79 കോടി രൂപയുമാണ്. എന്നാൽ 2018 ജനുവരി 31 വരെയുള്ള അക്കൗണ്ടന്റ് ജനറലിന്റെ താൽക്കാലിക കണക്കുകൾ പ്രകാരം തനത് നികുതിയായി 36122.18 കോടി രൂപയും നികുതിയിതര വരുമാനമായി 6552.54 കോടി രൂപയും പിരിച്ചെടുക്കുവാൻ കഴിഞ്ഞിട്ടുണ്ട്. |

അക്കൗണ്ട്സ് ഓഫീസർ